ക്യാൻസർ ചികിത്സയ്ക്ക് നിലവിലുള്ള സംവിധാനം

121 (132) ശ്രീ.തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ക്യാൻസർ രോഗം വർദ്ധിച്ചു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാൻസർ ചികിത്സാ രംഗത്ത് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റീജിയണൽ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉണ്ട്. ആർ.സി.സി.യിലേയ്ക്ക് കൂടുതൽ ഉപകരണങ്ങൾ ആവശ്യമുണ്ട്. ഇത് ലഭ്യമാക്കുന്നതിനും സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിനുമുള്ള സാമ്പത്തിക സഹായത്തിന് സാദ്ധ്യത പരിശോധിക്കുന്നതാണ്.

(ഡി) റീജിയണൽ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആർ.സി.സി.യിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കി.

2. ഓരോ തരം രോഗങ്ങൾക്കും സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിച്ചു.

3. ഹൈഡോസ് ബ്രാക്കി തെറാപ്പിക്കുള്ള മൈക്രോ സെലക്ട്രോൺ, ട്യൂമറിന്റെ വ്യാപ്തവും മറ്റു പ്രത്യേകതകളും മനസ്സിലാക്കി അതീവ കൃത്യതയോടെ റേഡിയേഷൻ നൽകാൻ സഹായിക്കുന്ന 'സിമുലേറ്റർ' കമ്പ്യൂട്ടർ ഉപയോഗിച്ച് റേഡിയേഷൻ ഡോസ് നിർണ്ണയിക്കുന്ന "പ്ലേറ്റോ പ്ലാനിംഗ് സിസ്റ്റം". രക്തത്തിലെ ഘടകങ്ങൾ വേർതിരിക്കുന്ന അത്യാധുനിക ഉപകരണമായി പ്ലാസ്മ അഫറസിസ് സിസ്റ്റം (സെൻസെപ്പറേറ്റർ) എന്നീ ഉപകരണങ്ങൾ അടുത്തകാലത്ത് ആർ.സി.സി.യിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഇതിനു പുറമെ ഓട്ടോമാറ്റിക് ലാൻഡ്രിയും പുതിയ ഗവേഷണശാലകളും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. 45 ലക്ഷത്തോളം രൂപ ചെലവിൽ നഴ്സുമാർക്കുള്ള ഹോസ്റ്റൽ കെട്ടിടം പൂർത്തിയായിട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്ററുകൾ ഉടൻ തന്നെ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly